# ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്

നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം - 33, ടെലിഫോൺ-0471-2300524, 2302090, 2300523
ഇ-മെയിൽ-director.mwd@kerala.gov.in, വെബ് സൈറ്റ്-www.minoritywelfare.kerala.gov.in


നം. എം.ഡബ്ല്യ.ഡി/1168/2023/എസ് തീയതി. 16.10.2023

'ഭരണ ഭാഷ-മാതൃഭാഷ'

## UGC/CSIR - NET പരിശീലനം 2023-24 സംഘടിപ്പിക്കുന്നതിനായി സർക്കാർ/എയ്ഡഡ് കോളേജ്/ യൂണിവേഴ്സിറ്റികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

## പ്രസിദ്ധീകരണത്തിന്

സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന സർക്കാർ/എയ്ഡഡ് കോളേജുകൾ/ യൂണിവേഴ്സിറ്റി കോളേജുകളിൽ ബിരുദാനന്തര ബിരുദത്തിന് രണ്ടാം വർഷം പഠിക്കുന്നവരും, നിലവിൽ പഠനം പൂർത്തിയായവരുമായ, ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് **UGC/CSIR - NET പരീക്ഷാ പരിശീലനം** നൽകി വരുന്നു. ടി പരിശീലനം സംഘടിപ്പിക്കുന്നതിന് താല്പര്യമുള്ള കോളേജുകളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

സർക്കാർ/എയ്ഡഡ് കോളേജുകൾ/യൂണിവേഴ്സിറ്റികൾ മുഖേന പരിശീലന പരിപാടികൾ സംഘടിപ്പിക്കാൻ ഈ പദ്ധതിയിൻ കീഴിൽ സാമ്പത്തിക സഹായം അനുവദിക്കുന്നു. 50-ൽ കുറയാതെ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുള്ള ഒരു ബാച്ചിന് 12 ദിവസങ്ങളിലായി 72 മണിക്കൂർ പരിശീലനം നൽകുന്നതിന് ഫാക്കൽറ്റി പ്രതിഫലം 72000 രൂപയും ഭരണച്ചെലവ് ഇനത്തിൽ ഒരു ബാച്ചിന് 7500 രൂപയും ചേർത്ത് ആകെ 79500 രൂപ വകുപ്പ്, പദ്ധതി നടപ്പിലാക്കുന്ന കോളേജുകൾക്ക് അനുവദിക്കുന്നതാണ്. 2023-24 സാമ്പത്തിക വർഷം ടി പദ്ധതി നടപ്പിലാക്കുന്നതിനായി 25 ബാച്ചുകളെയാണ് (സർക്കാർ/എയ്ഡഡ് കോളേജുകൾ/യൂണിവേഴ്സിറ്റികൾ) തെരഞ്ഞെടുക്കുന്നത്. സ്ഥാപനത്തെ തെരഞ്ഞെടുത്തതിനുശേഷം പരിശീലന പരിപാടിയിൽ നിന്നും പിന്മാറുവാൻ പാടില്ല. പരിശീലന പദ്ധതിയുടെ സഹായം reimbursement ആയാണ് അനുവദിക്കുന്നത്.

ന്യൂനപക്ഷ വിദ്യാർത്ഥികളുടെ തെരഞ്ഞെടുപ്പിൽ, സംഘാടകരുടെ കോളേജിൽ നിന്നും 50% വിദ്യാർത്ഥികളെ തെരഞ്ഞെടുക്കാവുന്നതും ശേഷിക്കുന്ന 50% വിദ്യാർത്ഥികളെ സമീപസ്ഥമുള്ള മറ്റു സർക്കാർ/എയ്ഡഡ് കോളേജുകൾ/യൂണിവേഴ്സിറ്റികളിൽ നിന്നും തിരഞ്ഞെടുക്കേണ്ട തുമാണ്. ബിരുദാനന്തര ബിരുദത്തിന് ഒന്നാം വർഷ പരീക്ഷയിൽ 55% മാർക്ക് നേടി രണ്ടാം വർഷ പഠനം നടത്തുന്നവരെയും, ബിരുദാനന്തര ബിരുദം 55%

Scanned with CamSca

മാർക്കോടെ പൂർത്തിയാക്കിയവരെയും ഈ പരിശീലനത്തിന് പങ്കെടുപ്പിക്കാം. BPL വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് പ്രവേശനത്തിൽ മുൻഗണന നൽകേണ്ടതാണ്. അപേക്ഷാ ഫാറത്തിന്റെ മാതൃക www.minoritywelfare.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി. **06.11.2023.** അയക്കേണ്ട വിലാസം: ഡയറക്ടർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, നാലാംനില, വികാസ് ഭവൻ, തിരുവനന്തപുരം-33. കൂടുതൽ വിവരങ്ങൾക്ക് **0471 2300524, 0471-2302090** എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

അഡ്മിനിസ്ട്രേറ്റീവ് ആഫീസർ
ഡയറക്ടർക്കുവേണ്ടി

Scanned with CamSca

**Application for Conducting UGC/CSIR/NET Coaching in Government/Aided College for Minority Students under the Scheme of the Directorate of Minority Welfare, Government of Kerala**

| | | |
|---|---|---|
| 1 | Name of the Institution | |
| 2 | Address | |
| 3 | Contact Number | |
| 4 | E-mail ID | |
| 5 | Number of PG  Courses in the Institution | |
| 6 | Sujects of PG Courses in the Institution | |
| 7 | Total Number of Students in the PG Section | |
| 8 | Name of the Co-ordinator for the Coaching Programme | |
| 9 | Phone Number | |
| 10 | E-mail ID | |
| 11 | Subject for which NET Coaching  is intended to be Conducted. | |
| 12 | Number of Regular Teachers  in the Subject in which NET Coaching is intended to be conducted. | |
| 13 | Previous experience in Conducting similar Special Coaching Programmes : | |

I hereby agree that I am ready to conduct the UGC/CSIR-NET Coaching for Minority Students  in my institution as per the conditions prescribed by the Minority Welfare Dept.

| | |
|---|---|
| Place: | |
| Date: | **PRINCIPAL** |